ജെ 5/7784/2010/എം.ഡി.ബി

മലബാർ ദേവസ്വം ബോർഡ്,
കമ്മീഷണറുടെ ഓഫീസ്, കോഴിക്കോട്.
തീയതി : 22.11.2010

## സർക്കുലർ

വിഷയം : മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ സോപാനത്തിലും കാണിക്ക അർപ്പിക്കുന്നത് - സംബന്ധിച്ച്.

******

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള പല ക്ഷേത്രങ്ങളിലും ഭക്തജനങ്ങൾ കാണിക്ക അർപ്പിക്കുന്നത് ശ്രീകോവിലിന് മുന്നിലും സോപാനപ്പടികളിലും മറ്റുമാണ്. ഇങ്ങനെ നിക്ഷേപിക്കുന്ന വൻ തുക ക്ഷേത്രം ശാന്തിക്കാരുൾപ്പെടെ ബന്ധപ്പെട്ട ജീവനക്കാർ കൈവശപ്പെടുത്തി വരികയുമാണ്. ഇത് വഴി ക്ഷേത്രങ്ങൾക്ക് വൻതോതിൽ സാമ്പത്തിക നഷ്ടം സംഭവിക്കുന്നു എന്നു മാത്രമല്ല മറ്റ് അനാരോഗ്യ പ്രവണതകൾക്ക് വഴിവെക്കുന്നുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒരു തരത്തിലും അനുവദിച്ച് കൂടാത്തതാണ്. ഇത്തരം ദുഷ്പ്രവണതകൾ അവസാനിപ്പിക്കുന്നതിനായി ഓരോ അസിസ്റ്റന്റ് കമ്മീഷണർ / ഇൻസ്പെക്ടർമാരും തങ്ങളുടെ അധികാര പരിധിക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ, താഴെ കാണിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കി എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ദേവസ്വം അംഗീകരിച്ചതും പാരമ്പര്യമായി ഊരായ്മാവകാശമുള്ളതുമായ ജീവനക്കാരെക്കൊണ്ട് മാത്രം ശാന്തി പ്രവൃത്തി നടത്തുക.
2. ക്ഷേത്രം ശ്രീകോവിലിന്റെ പടി, വഴിപാട് കൊടുക്കുന്ന സ്ഥലം എന്നിവിടങ്ങളിൽ പാത്രം വെച്ച് അനധികൃതമായി പണം പിരിക്കുന്നത് ഉടനടി നിറുത്തൽ ചെയ്യേണ്ടതാണ്.
3. ക്ഷേത്രം ശ്രീകോവിലിന്റെ നടയിലോ പടിയിലോ ഭക്തന്മാർ യാതൊരു കാരണവശാലും പണം നിക്ഷേപിക്കരുതെന്ന് നിർദ്ദേശിക്കുന്നതിനായി ആവശ്യമായ ജോലിക്കാരെ നിയോഗിക്കേണ്ടതാണ്. അഥവാ ഇപ്രകാരം പണം ഇട്ടാൽ ആയത് അപ്പോൾ തന്നെ ഭണ്ഡാരത്തിൽ എടുത്തിടുന്നതിനുള്ള സംവിധാനം ഏർപ്പാടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് മലയാളം / തമിഴ് / കന്നട / ഹിന്ദി / ഇംഗ്ലീഷ് ഭാഷകളിൽ ആവശ്യമായ നോട്ടീസ് ക്ഷേത്രത്തിനകത്ത് പ്രദർശിപ്പിക്കേണ്ടതാണ്.
4. നിലവിലുള്ള ശാന്തിക്കാർക്ക് ജോലി ഭാരം കൂടുതലുണ്ടെങ്കിൽ, ആയത് പരിഗണിക്കുന്നതിനായി എക്സിക്യൂട്ടിവ് ഓഫീസർ പ്രത്യേകം പ്രപ്പോസൽ സമർപ്പിക്കേണ്ടതാണ്.

5. തിരക്കുള്ള അവസരങ്ങളിൽ ബഹു: ഹൈക്കോടതി നിർദ്ദേശം കർശനമായി പാലിച്ചുകൊണ്ട് തുറന്ന ഭണ്ഡാരം വെക്കുന്ന കാര്യം ദേവസ്വം പരിഗണിക്കേണ്ടതാണ്.

6. നിലവിൽ ക്ഷേത്രത്തിനകത്ത് ജോലി നോക്കുന്ന സെക്യൂരിറ്റി ജീവനക്കാർ ശാന്തിക്കാരുമായി സഹകരിക്കുന്നതിനാൽ അവരെ അടിയന്തിരമായി മാറ്റി പകരം ജീവനക്കാരെ നിയമിക്കുന്ന കാര്യം എക്സിക്യൂട്ടിവ് ഓഫീസർ പരിഗണിക്കേണ്ടതാണ്.

7. ദേവസ്വം ജീവനക്കാരല്ലാത്തവരോ ദേവസ്വം ചുമതലപ്പെടുത്താത്ത മറ്റ് ആളുകളോ യാതൊരു കാരണവശാലും ക്ഷേത്രത്തിനകത്ത് പ്രാർത്ഥിക്കുന്നതിനൊഴികെ പ്രവേശിക്കുവാനോ പ്രസാദം കൊടുക്കുവാനോ പാടില്ലന്ന് ഉറപ്പുവരുത്തേണ്ടതാണ്.

8. ദേവസ്വം തന്ത്രിയുമായി ആലോചിച്ച് പ്രസാദ കൊടുക്കുന്ന സ്ഥലത്തിന്റെ കാര്യത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

9. ക്ഷേത്ര ശ്രീകോവിലിന്റേയും, പ്രസാദം കൊടുക്കുന്ന സ്ഥലത്തിന്റെയും മുന്നില് ഭക്തജനങ്ങൾക്ക് കാണാൻ കഴിയുന്ന വിധം സ്റ്റീലിന്റെ വലിയ ഭണ്ഡാരം സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

മേൽ വിഷയം ചർച്ച ചെയ്യുന്നതിനായി ഓരോ അസിസ്റ്റന്റ് കമ്മീഷണറും തങ്ങൾക്ക് കീഴിലെ എക്സിക്യൂട്ടിവ് ഓഫീസർമാർ, മറ്റ് ക്ഷേത്ര ഭരണാധികാരികൾ, ഇൻസ്പെക്ടർമാർ എന്നിവരുടെ അടിയന്തിര യോഗം വിളിച്ചു ചേർത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
കമ്മീഷണർ

//കൽപനപ്രകാരം//

ഡെപ്യൂട്ടി കമ്മീഷണർ (ഭരണം)

1. അസിസ്റ്റന്റ് കമ്മീഷണർ,
   മലബാർ ദേവസ്വം ബോർഡ്,
   കാസർഗോഡ് / തലശ്ശേരി / കോഴിക്കോട് /
   മലപ്പുറം / പാലക്കാട്.
2. എല്ലാ ഇൻസ്പെക്ടർമാർ
3. ക്ഷേത്ര ഭരണാധികാരികൾ